# കേരള കൃഷി വകുപ്പ്

## ദർഘാസ് പരസ്യം

നമ്പർ. എഇ(2) 876/2017 — തീയതി: 07.02.2018

കേരള ഗവർണർക്കുവേണ്ടി ആലപ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്നോ, കമ്പനികളിൽ നിന്നോ, മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസുകൾ ഉള്ളടക്കം ചെയ്യുന്ന കവറിൽ ബന്ധപ്പെട്ട സാമഗ്രികളുടെ ലഘുവിവരണം ഉണ്ടായിരിക്കേണ്ടതും ബന്ധപ്പെട്ട പർച്ചേസിംഗ് ആഫീസറുടെ മേൽവിലാസത്തിൽ ആയിരിക്കേണ്ടതുമാണ്. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി 01.03.2018 2 pm വരെ. വൈകി എത്തുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ 01.03.2018 – 2.30 pm ന് ഹാജരുള്ള വിതരണക്കാരുടെയോ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന ഏജന്റിന്റേയോ സാന്നിധ്യത്തിൽ തുറക്കുന്നതുമാണ്.

| ക്രമ നമ്പർ | കാർഷിക യന്ത്രങ്ങളുടെ വിവരണം | എണ്ണം | നിരതദ്രവ്യം രൂപ | ടെൻഡർ ഫാറത്തിന്റെ വില | പണി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|
| 1. | **Garden Tiller. 4 Stroke,5 HP Petrol Engine with suitable rotor** | 2 എണ്ണം | 5000/- | 500 + vat | 15 ദിവസം |
| 2. | **Brush Cutter 4 Stroke, Petrol Engine1. 5 HP operating weight below 10kg. above 10,000 rpm.** | 3 എണ്ണം | 5060/- | 500 + vat | 15 ദിവസം |

നൽകേണ്ട സ്ഥലം : ആലപ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, സനാതനപുരം പോസ്റ്റ്, കളർകോട്, ആലപ്പുഴ.

ഓരോ കാർഷിക യന്ത്രത്തിനും പ്രത്യേകം ടെണ്ടറുകൾ നൽകേണ്ടതാണ്. കവറിന്റെ പുറത്ത് മെഷിനറികളുടെ പേര് രേഖപ്പെടുത്തേണ്ടതാണ്. ദർഘാസ് പ്രമാണങ്ങൾ ആലപ്പുഴ കളർകോടുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 07.02.2018 തീയതി മുതൽ പ്രവർത്തി ദിവസങ്ങളിലും 01.03.2018 ന് പകൽ 01.00 മണി വരെയും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ സമർപ്പിക്കേണ്ടതും നിശ്ചയിച്ച ടെണ്ടർ ഫോറത്തിന്റെ വില ചരക്ക് സേവന നികുതി അടക്കം ഈ ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ദർഘാസ് പ്രമാണത്തിന്റെ അധിക പകർപ്പിന് ചരക്ക് സേവന നികുതിയടക്കം പ്രത്യേക വില അടക്കേണ്ടതാണ്. ദർഘാസ് പത്രികയുടെ വില യാതൊരു കാരണവശാലും മടക്കികൊടുക്കുന്നതല്ല. ദർഘാസ് പത്രിക അംഗീകൃത കരാറുകാർക്കു മാത്രം ലഭിക്കുന്നതും ആയത് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) എന്ന പേരിലടച്ച് നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരത ദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. നിശ്ചിത നിരത ദ്രവ്യമില്ലാത്തതും താമസിച്ചു ലഭിക്കുന്നതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസിനോടൊപ്പം പ്രാഥമിക കരാർ 200 രൂപാ മുദ്രപത്രത്തിൽ നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്. പൊതുമരാമത്ത് വകുപ്പിലെ ദർഘാസുകൾ സംബന്ധിച്ച എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി),
ആലപ്പുഴ.

പകർപ്പ്:-

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ് – നോട്ടീസ് ബോർഡ്
2. കൃഷി ഡയറക്ടർ, ഐ.ടി.സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി),ആലപ്പുഴ
4. പ്രിൻസിപ്പൽ കൃഷി ഓഫീസർ ,ആലപ്പുഴ
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), എറുണാകുളം, പത്തനംതിട്ട, കൊല്ലം
6. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ചേർത്തല, കായംകുളം.
7. ഗവ. പ്രസ് , മണ്ണന്തല, തിരുവനന്തപുരം